# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2848 | 20.06.2013 ൽ മറുപടിക്ക്

**<u>സഞ്ചരിക്കുന്ന മാവേലി സ്റ്റോർ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ:<br>ശ്രീ.ഹൈബി ഈഡൻ:<br>ശ്രീ.വി.പി.സജീന്ദ്രൻ:<br>ശ്രീ.എം.പി.വിൻസെന്റ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സർക്കാരിന്റെ ഈ വർഷത്തെ ബഡ്ജറ്റിൽ 50 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നു. നിലവിൽ ഈ പദ്ധതി പ്രാരംഭഘട്ടത്തിലാണ്. ഈ പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച് KITCO പ്രോജക്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ശ്രീ. എം.വി. ശ്രേയാംസ് കുമാർ എം.എൽ.എ. യുടെ എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു സഞ്ചരിക്കുന്ന മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് 14,27,792 രൂപ ലഭ്യമായിട്ടുണ്ട്. ആയതിന്മേലും തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പൊതുവിപണിയിൽ ഇടപെട്ട് പൊതുജനത്തെ വിലക്കയറ്റത്തിൽ നിന്നും രക്ഷിക്കുന്നതിനായി മാർക്കറ്റ് @ ഡോർ സ്റ്റെപ്പ് എന്ന രീതിയിൽ മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശ പ്രദേശങ്ങൾ മറ്റ് പിന്നോക്ക പ്രദേശങ്ങൾ എന്നിവിടങ്ങളിലെ ജനവിഭാഗത്തെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കൾക്ക് അവശ്യ ഭക്ഷ്യ വസ്തുക്കൾ അവരവരുടെ വീട്ടു പടിക്കൽ തന്നെ അധിക വില നൽകാതെ ലഭ്യമാക്കുവാൻ പ്രസ്തുത പദ്ധതി സഹായകരമാണ്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | ഈ പദ്ധതി നടത്തിപ്പ് പൂർണ്ണമായും സർക്കാർ അനുമതിയോടും ധന സഹായത്തോടും സപ്ലൈകോയുടെ ചുമതലയിൽ കേന്ദ്ര സഹായത്തോടു കൂടി നടത്താനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ഡി) | ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്? | (ഡി) | KITCO യിൽ നിന്നും ലഭിച്ച പ്രൊജക്റ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ